**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 562** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി തരംമാറ്റുന്നതിന് അനാവശ്യ കാലതാമസം ഒഴിവാക്കി ഉപഭോക്താവിന് നിയമാനുസൃതം ഭൂമി തരംമാറ്റി ലഭിക്കാൻ വേണ്ട നടപടിക്രമങ്ങളിൽ കാലോചിത മാറ്റം വരുത്തുമോ എന്ന് അറിയിക്കാമോ? | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിന് വ്യക്തമായ നടപടിക്രമങ്ങൾ നിയമത്തിലും ചട്ടത്തിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2008 ന ശേഷം അനധികൃതമായി നികത്തിയ നെൽവയലുകൾക്ക് തരം മാറ്റം ലഭിക്കാതിരിക്കാനാണ് ഇത്തരം കർശന നടപടിക്രമം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ വരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, അപേക്ഷകളുടെ പെന്റിങ്ങ് വിവരം, നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിച്ച്, അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നുണ്ട്. ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ, നിലവിൽ, റവന്യൂ ഇ-സർവീസ് വഴി ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**വിശദീകരണക്കുറിപ്പ്**

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരം മാറ്റത്തിനായുള്ള അപേക്ഷകൾ, സംസ്ഥാനത്തെ വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായി പരാതികൾ ഉയർന്നതിനെത്തുടർന്ന്, 05/08/2021, 06/08/2021 തീയതികളിലായി, എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും പരിശോധന നടത്തുകയും, പരാതികളിൽ കഴമ്പുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവര പ്രകാരം, ഇരുപത്തേഴ് റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി, എഴുപത്തയ്യായിരം അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുള്ളതായി കണ്ടെത്തുകയുണ്ടായി. തുടർന്ന്, പെൻഡിങ് അപേക്ഷകളുടെ കൃത്യമായ എണ്ണം റിപ്പോർട്ട് ചെയ്യുന്നതിനും, തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി, ലഭിച്ച അപേക്ഷകൾ/ തീർപ്പായ അപേക്ഷകൾ, ലഭിച്ച ഫീസ്, തുടങ്ങിയ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി ഗൂഗിൾ സ്പ്രെഡ് ഷീറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ, അപേക്ഷ സംബന്ധിച്ച വിവരങ്ങൾ റവന്യൂ ഡിവിഷണൽ ഓഫീസർമാർ നാളതീകരിച്ച് വരുന്നുമുണ്ട്. ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ നാളതീകരിച്ച വിവര പ്രകാരം നിലവിൽ 97618 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നു . അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്നതിനാൽ അവ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വരുന്നുമുണ്ട്.

ഇപ്രകാരം വിവര ശേഖരണം നടത്തി വരുന്നതിനാൽ, തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭിക്കുന്നുണ്ട്. അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നത് സംബന്ധിച്ച് 25/09/21 ന് ലാന്റ് റവന്യൂ കമ്മീഷണർ വിളിച്ച് ചേർത്ത റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ ഓൺലൈൻ യോഗ തീരുമാനപ്രകാരം ഭൂമി തരം മാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെ വരെ അധികമായി നിയമിക്കുന്നതിനും ആറുമാസത്തിനകം പരമാവധി അപേക്ഷകൾ തീർപ്പാക്കുന്നതിനും ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ ജീവനക്കാരെ നിയമിക്കുമ്പോൾ ആവശ്യമായി വരുന്ന അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമായ പ്രപ്പോസൽ സമർപ്പിക്കാൻ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. 11/10/2021-ൽ നാളതീകരിച്ച വിവര പ്രകാരം 90383 അപേക്ഷകൾ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ തീർപ്പാക്കാനുണ്ടെന്ന് കാണുകയുണ്ടായി. ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ നാളതീകരിച്ച വിവരപ്രകാരം നിലവിൽ 97618 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നു. മേൽപ്രകാരം, അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്നതിനാൽ അവ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വരുന്നുണ്ട്.

K Rajan
Minister